**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **10-10-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-കുണ്ടന്നൂർ ആറുവരി പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മുതൽ കുണ്ടന്നൂർ വരെ നിർമ്മിക്കുന്ന പുതിയ ആറുവരി പാതയുടെ ഭൂമിയേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അങ്കമാലി മുതൽ കുണ്ടന്നൂർ വരെ നിർമ്മിക്കുന്ന പുതിയ ആറുവരി പാതയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കൽ പുരോഗമിക്കുന്നു. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട 3A നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ ദൈർഘ്യം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി-കുണ്ടന്നൂർ ആറുവരി പാതയുടെ ദൈർഘ്യം 44.7 കി.മീ ആണ്. |
| (സി) | ഇതിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരികയെന്ന് വ്യക്തമാക്കാമോ; | (സി) | അങ്കമാലി മുതൽ കുണ്ടന്നൂർ വരെ നിർമ്മിക്കുന്ന പുതിയ ആറുവരി പാതയ്ക്കായി ഏകദേശം 290 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരും. |
| (ഡി) | സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എൻ.എച്ച് 66-ന്റെ മാനദണ്ഡം തന്നെയാണോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ദേശീയപാതാ ഭൂമി ഏറ്റെടുക്കലിന്റെ മാനദണ്ഡമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് കണക്കാക്കുക എന്നാൽ 06.04.2024 ലെ സഉ(സാധ) നം.445/2024/പൊമവ പ്രകാരം NH 66, NH 966 എന്നിവ ഒഴികെയുള്ള എല്ലാ ദേശീയപാതകൾക്കും സ്ഥലം ഏറ്റെടുക്കുമ്പോൾ MoRTH LA Manual 2018 പ്രകാരമുള്ള depreciation ബാധകമാക്കണമെന്ന ദേശീയപാത അതോറിറ്റിയുടെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത റോഡിൽ ഫ്ലൈ ഓവറുകൾ, അണ്ടർപാസ്സേജുകൾ, എൻട്രി, എക്സിറ്റ് പോയിന്റുകൾ എന്നിവ എവിടെയെല്ലാമാണ് വരുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ അലൈൻമെന്റ് എങ്ങനെയെന്ന് വ്യക്തമാക്കാമോ; | (ഇ) | പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പുരോഗമിക്കുന്നു. |
| (എഫ്) | കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട എത്ര വില്ലേജുകളിൽ കൂടി ഈ പാത കടന്നു പോകുന്നുണ്ടെന്നും പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഈ വില്ലേജുകളിൽ നിന്നും | (എഫ്) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം- I

| **Name of the Village** | **Area (Ha)** |
|---|---|
| Arakapady | 20.7 |
| Pattimattom | 25.5 |
| Vadavukode | 1.6 |
| Aikaranad North | 23.8 |
| Aikaranad South | 10.2 |
| Thiruvaniyoor | 33.3 |
| Marampilly (CT) | 15.8 |